## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 680** **04-02-2020-ൽ മറുപടിക്ക്**

### ഉത്തരവാദിത്ത ടൂറിസം മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. ജോയി<br>,, ബി.ഡി. ദേവസ്സി<br>,, കാരാട്ട് റസാഖ്<br>,, കെ.ജെ. മാക്സി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ട് രൂപീകരിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) | സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളും അതുമൂലം തദ്ദേശീയ സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങളും വകുപ്പ് മന്ത്രി തലത്തിലും, ഉദ്യോഗസ്ഥ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യാറുണ്ട്. |
| (ബി) | ഉത്തരവാദിത്ത ടൂറിസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് വിവിധ ടൂറിസം സംരംഭങ്ങളെ വേർതിരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ ചെറുതും വലുതുമായ വിവിധ ടൂറിസം സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. അക്കോമഡേഷൻ രംഗത്ത് ഹോം സ്റ്റേകൾ, ഫാം സ്റ്റേകൾ എന്നിവ തുടങ്ങുന്നതിനുള്ള പരിശീലങ്ങൾ നൽകി വരുന്നു. ഈ സംരംഭങ്ങളിൽ വിവിധ ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രാവർത്തികമാക്കുന്നത്തിനുള്ള മാർഗ്ഗ നിർദേശങ്ങളും, സഹായങ്ങളും നൽകി വരുന്നു. റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോം സ്റ്റേകൾ, ഹൗസ് ബോട്ടുകൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള അക്കോമഡേഷൻ യൂണിറ്റുകളുമായി സഹകരിച്ച് |

| | | | |
|---|---|---|---|
| | | | ആർ.ടി. മിഷൻ നടത്തിയ തുടർച്ചയായ ക്യാമ്പയിനുകളുടെ ഫലമായി 393 അക്കോമഡേഷൻ യൂണിറ്റുകൾ 19 ഇനം പ്ലാസ്റ്റിക് ഇനങ്ങൾ ഒഴിവാക്കിക്കൊണ്ട് സെൽഫ് ഡിക്ലറേഷൻ നൽകിയിട്ടുണ്ട്. വിവിധ ടൂറിസം സംരംഭകർക്കായുള്ള ജില്ലാതല മീറ്റിംഗുകൾ നടന്നു വരികയാണ്. കോഴിക്കോട്, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിൽ മീറ്റിംഗുകൾ നടന്നു. പ്രസ്തുത മീറ്റിംഗുകളിൽ ജില്ലയിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷനും ഓരോ വിഭാഗത്തിലുംപ്പെട്ട ടൂറിസം സംരഭങ്ങളും സംയുക്തമായി ഏതൊക്കെ തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താമെന്നുള്ള രൂപരേഖയും തയ്യാറാക്കിവരുന്നു. |
| (സി) | ഉത്തരവാദിത്ത ടൂറിസത്തിന്റെ വിവിധ ഘടകങ്ങളുടെ ഏകോപനം ഫലപ്രദമാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പദ്ധതികൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. പെപ്പർ പദ്ധതി, മോഡൽ ആർ.ടി. വില്ലേജ്, റിസോർസ് മാപ്പിംഗ് എന്നിങ്ങനെ വിവിധ പദ്ധതികൾ ആരംഭിക്കുന്നത് തന്നെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സ്പെഷ്യൽ ടൂറിസം ഗ്രാമ സഭകളിലൂടെയാണ്. പരിശീലനങ്ങൾക്കായുള്ള അപേക്ഷകരെ തെരഞ്ഞെടുക്കുന്നതിനും, കലാകാരന്മാർ, കരകൗശല നിർമ്മാതാക്കൾ, കർഷകർ എന്നിങ്ങനെ വിവിധ ആളുകളെ കണ്ടെത്തി യൂണിറ്റുകളായി രജിസ്റ്റർ ചെയ്യുന്നതും |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിന്റെ സഹായത്തോടെയാണ് . |
| (ഡി) | ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, പൊതു പെരുമാറ്റ മര്യാദകൾ, മികച്ച ആശയവിനിമയം എന്നിവയ്ക്ക് ഊന്നൽ നൽകി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പൊതുജനങ്ങൾക്കുമായി പരിശീലന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി ആർ.ടി. മിഷൻ സംസ്ഥാനതലം, ജില്ലാ തലം, പഞ്ചായത്തുതലം, വാർഡ് തലം എന്നിങ്ങനെ ചെറുതും വലുതുമായ വിവിധ അവബോധ ശില്പശാലകളും, പരിശീലന പരിപാടികളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. വിവിധ പരിപാടികളിലായി 35000- ത്തിൽ അധികം ആളുകൾ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.<br>അധ്യാപകർക്കായി ഇതുവരെ പ്രത്യേക പരിപാടികൾ ഒന്നും നടത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷം അധ്യാപകർക്ക് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെപ്പറ്റിയുള്ള അവബോധ ശില്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.<br>വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർഥികൾക്കായി ടൂറിസം/ ഉത്തരവാദിത്ത ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുകയും ആർ.ടി. മിഷനുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**